**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6401** **10-07-2024 - ൽ മറുപടിയ്ക്ക്**

**അപകടങ്ങളിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മുതലപ്പൊഴി ഹാർബറിന്റെ അശാസ്ത്രീയ നിർമ്മാണംമൂലം സംഭവിച്ച അപകടങ്ങളിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മാത്രമാണ് ലഭിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ ഇൻഷ്വറൻസ് പ്രീമിയം തുക അടച്ച് മത്സ്യഫെഡ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും ധനസഹായം നൽകുന്നുണ്ട്.<br><br>മുതലപ്പൊഴിയിൽ അപകടത്തിൽ മരണപ്പെട്ട, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) ൽ നിന്നും പരമാവധി ധനസഹായം നൽകുന്നുണ്ട്. 05/09/2022 ൽ അപകടം സംഭവിച്ച ശ്രീ കഹാറിന്റെ മക്കളായ ശ്രീ ഉസ്മാൻ, ശ്രീ മുസ്തഫ എന്നിവർക്ക് CMDRF ൽ നിന്നും രണ്ടു ലക്ഷം രൂപ വീതം ആകെ നാല് ലക്ഷം രൂപ അനുവദിച്ചു. 10/07/2023 ൽ മരണപ്പെട്ട നാലുപേർക്ക് ക്ഷേമനിധിയിൽ നിന്നും 10 ലക്ഷം രൂപ വീതവും കൂടാതെ നാലുപേർക്ക് ഓരോ ലക്ഷം രൂപ CMDRF ൽ നിന്നും അനുവദിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ട യാനത്തിന് നഷ്ടപരിഹാരമായി രണ്ടു ലക്ഷം രൂപ CMDRF ൽ നിന്നും നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ മത്സ്യബന്ധന അപകടങ്ങളിൽ മരണമടയുന്ന എല്ലാ മത്സ്യത്തൊഴിലാളികളുടെയും കുടുംബങ്ങൾക്ക് ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ ഇൻഷ്വറൻസ് പ്രീമിയം തുക അടച്ച് മത്സ്യഫെഡ് നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്ന |

| | | | |
|---|---|---|---|
| | | | മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും ധനസഹായം നൽകുന്നുണ്ട്.<br><br>മുതലപ്പൊഴിയിൽ അപകടത്തിൽ മരണപ്പെട്ട, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) ൽ നിന്നും പരമാവധി ധനസഹായം നൽകുന്നുണ്ട്. 05/09/2022 ൽ അപകടം സംഭവിച്ച ശ്രീ കഹാറിന്റെ മക്കളായ ശ്രീ ഉസ്മാൻ, ശ്രീ മുസ്തഫ എന്നിവർക്ക് CMDRF ൽ നിന്നും രണ്ടു ലക്ഷം രൂപ വീതം ആകെ നാല് ലക്ഷം രൂപ അനുവദിച്ചു. 10/07/2023 ൽ മരണപ്പെട്ട നാലുപേർക്ക് ക്ഷേമനിധിയിൽ നിന്നും 10 ലക്ഷം രൂപ വീതവും കൂടാതെ നാലുപേർക്ക് ഓരോ ലക്ഷം രൂപ CMDRF ൽ നിന്നും അനുവദിച്ചിട്ടുണ്ട്. അപകടത്തിൽപ്പെട്ട യാനത്തിന് നഷ്ടപരിഹാരമായി രണ്ടു ലക്ഷം രൂപ CMDRF ൽ നിന്നും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ